# കേരളസർവകലാശാല

നം.പി.ആർ.6/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദ പ്രവേശനം- സ്പോട്ട് അലോട്ട്മെന്റ് മാറ്റിവച്ചു

2021 ജനുവരി 11,12,15 തീയതികളിൽ കൊല്ലം, ആലപ്പുഴ, അടൂർ മേഖലകളിൽ നടത്താൻ തീരുമാനിച്ചിരുന്ന യു.ജി സ്പോട്ട് അലോട്ട്മെന്റ് മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

### ഒന്നാം വർഷ ബി. എഡ് പ്രവേശനം-2020
### ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് - ജനുവരി 12, 13- ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ്, എയ്ഡഡ്, സ്വാശ്രയ, കെ.യു.സി.ടി.ഇ കോളേജുകളിലെ ഒന്നാം വർഷ ബി. എഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു.

ബി.എഡ് നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ്, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ്, ജിയോഗ്രാഫി എന്നീ വിഷയങ്ങൾക്ക് ജനുവരി 12-നും ബി.എഡ് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, അറബിക്, സംസ്കൃതം, കോമേഴ്സ് എന്നീ വിഷയങ്ങൾക്ക് ജനുവരി 13-നുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്

സ്പോട്ട് അല്ലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ട് വരേണ്ടതാണ്.

വിദ്യാർത്ഥികൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്ത് രാവിലെ 10 മണിക്ക് ഹാജരാകേണ്ടതാണ്. ഒഴിവുള്ള കോളേജുകളുടെയും സീറ്റുകളുടെയും വിവരം സർവകലാശാല വെബ് സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### രാജാരവിവർമ്മ സെൻറർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് പി.ജി പ്രവേശനം

കേരളസർവ്വകലാശാലയുടെ കീഴിലുള്ള രാജാരവിവർമ്മ സെൻറർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിൻറിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് 2020-21 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ജനുവരി 29. ഇതിലേക്കുള്ള പ്രവേശനപരീക്ഷ ഫെബ്രുവരി 15 നും അഭിമുഖം ഫെബ്രുവരി 17 നും നടത്തുന്നതാണ്. ക്ലാസുകൾ കൾ ഫെബ്രുവരി 24 ന് ആരംഭിക്കുന്നതാണ്.

## പ്രാക്ടിക്കൽ പരീക്ഷ

2020 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2021 ജനുവരി 15,18 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി /അനലിറ്റിക്കൽ/ അപ്ലൈഡ്/ പോളിമർ കെമിസ്ട്രി പരീക്ഷകളുടെ പ്രാക്ടിക്കൽ 2021 ജനുവരി 11 മുതൽ 18 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2021 ജനുവരി 11 മുതൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2017 അഡ്മിഷൻ (2013 സ്കീം )വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ (ഒക്ടോബർ 2020) പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 11,12,13 തീയതികളിൽ പ്രസ്തുത കോളേജിൽ നടത്തുന്നതാണ്.

കേരള സർവകലാശാല 2020 ഒക്ടോബർ മാസം നടത്തിയ 6, 8 സെമസ്റ്റർ ബി.കോം (Hearing Impaired) പരീക്ഷയുടെ പ്രാക്ടിക്കൽ/ പ്രോജക്ട്/ വൈവ പരീക്ഷകൾ യഥാക്രമം 2021 ജനുവരി 19, 21 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ

2020 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി സുവോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2021 ജനുവരി 19 മുതൽ 22 വരെ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2019 ഒക്ടോബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ /ബി.എസ്.സി /ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി. വോക്/ ബി.എം.എസ്/ ബി.എസ്.ഡബ്ല്യു സി.ബി.സി.എസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡ്/ ഹാൾ ടിക്കറ്റുമായി ഇ.ജെ III (മൂന്ന്) സെക്ഷനിൽ 2021 ജനുവരി 11 മുതൽ 19 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

2019 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ സി.ബി.സി.എസ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾ ടിക്കറ്റുമായി 2021 ജനുവരി 22 നുള്ളിൽ ഇ.ജെ.V(അഞ്ച്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

2020 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി യുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി 2021 ജനുവരി 11,12,13 തീയതികളിൽ ഇ.ജെ X(പത്ത് ) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

## പരീക്ഷ ഫലം

2020 ഫെബ്രുവരി മാസം നടത്തിയ നാലാം സെമസ്റ്റർ എം.എഫ്.എ (പെയിൻറിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരം വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി, കൗൺസിലിംഗ് സൈക്കോളജി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ജനുവരി 18. വിശദവിവരം വെബ്സൈറ്റിൽ.

2020 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് 2021 ജനുവരി 18 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
08.01.2021



പബ്ലിക് റിലേഷൻസ് ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in


University information is available on 9188526670, 9188526671, 9188526674, 9188526675